ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആകെ 194 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. നവീകരിച്ച കുളങ്ങൾ, നവീകരിക്കാൻ ബാക്കിയുള്ള കുളങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* അതിർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച തടസ്സം, പൊതുജനങ്ങളുടെ എതിർപ്പ്, പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാകാത്തത് എന്നിവ നിമിത്തമാണ് പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തത്.

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കുറുപ്പടി പഞ്ചായത്തിന് കീഴിലുള്ള പടിക്കലപ്പാറം ഗീത ചിറയുടെ പ്രവൃത്തി പൂർത്തിയായി. ഇതിനായി 9,49,355 രൂപ ചെലവഴിച്ചു.

എസ്.എൽ.എസ്.സി. കുടിവെള്ള പദ്ധതികൾ

161 (850) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച പുതിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശം നിലവിലെ സാഹചര്യം എന്നിവ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.ആർ.ഡി.ഡബ്ല്യു.പി.-2011- പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയുടെ 11-5-2014-ലെ KWA/HO/

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

WN/5/2011-12 നമ്പർ ഉത്തരവ് പ്രകാരം 1,800 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 4.5 എം.എൽ.ഡി. ജലശുദ്ധീകരണശാല, 7.50 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, 7.00 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, പ്രധാന പൈപ്പ് ലൈനുകൾ, വിതരണശൃംഖല, പമ്പ് സെറ്റുകൾ എന്നിവ പൂർത്തീകരിച്ച് 24-4-2015-ന് കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 1100 ലക്ഷം രൂപയ്ക്കുള്ള ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അടുത്ത എസ്.എൽ.എസ്.സി.-യിൽ സമർപ്പിക്കുന്നത് പരിഗണനയിലാണ്.

2. എൻ.ആർ.ഡി.ഡബ്ല്യു.പി.-2014 - വണ്ടാഴി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 8-10-2014-ലെ സ.ഉ.(സാധാ) നമ്പർ 954/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇൻടേക്ക്, ജലശുദ്ധീകരണശാല എന്നിവയ്ക്കുള്ള സ്ഥലം ജലസേചന വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ തൃശ്ശൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.ആർ.ഡി.ഡബ്ല്യു.പി.-2011 - പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.

2. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012-13 കുട്ടർകോട് കുടിവെള്ള പദ്ധതി.

3. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2014-15 കണ്ണമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

4. എം.പി.എൽ.എ.ഡി. 2014-15 പെരിങ്ങോട്ടുകുറിശ്ശിയിലെ നടുവത്തുപാറ, ചൂലന്നൂർ കുടിവെള്ള പദ്ധതി.

5. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കുത്തന്നൂർ പഞ്ചായത്തിലെ കോട്ടാംകോട് - പൂതാകോട്ട് കുടിവെള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

6. വരൾച്ചാ ദുരിതാശ്വാസ പദ്ധതി എസ്.ഡി.ആർ.എഫ്. - പുതുകോട്ടുള്ള തച്ചനടി കുടിവെള്ള പദ്ധതി.

7. 29 ആർ.ഡബ്ല്യു.എസ്.എസ്. വടക്കാഞ്ചേരി പഞ്ചായത്തിലെ പള്ളറോഡ് പുളിക്കമല പദ്ധതി.

8. ജില്ലാ കളക്ടറുടെ വരൾച്ച ദുരിതാശ്വാസ പദ്ധതി - തൃശൂർ പഞ്ചായത്തിലെ അത്തിപ്പാറയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

9. വരൾച്ച ദുരിതാശ്വാസ പദ്ധതി - എസ്.ഡി.ആർ.എഫ് - പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ പരുത്തിപ്പള്ളിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

10. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012-13 തൃശൂർ പഞ്ചായത്തിലെ ചമ്മനി എസ്.സി.കോളനി.

11. എം.പി.എൽ.എ.ഡി. 2012-13 വടക്കാഞ്ചേരി ടൗണിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

12. വരൾച്ചാ ദുരിതാശ്വാസ പദ്ധതി - 2012 - തൃശൂർ പഞ്ചായത്തിലെ ഒരുമാടക്കുന്ന് കുടിവെള്ള പദ്ധതി.

13. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2011-12- കാവശ്ശേരി പഞ്ചായത്തിലെ തെക്കെപ്പൊറ്റ പാട്ടൂർ കുടിവെള്ള പദ്ധതി.

14. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കണ്ണമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

15. എം.പി.എൽ.എ.ഡി. 2009-10 - കുത്തന്നൂർ പഞ്ചായത്തിലെ പടുകുത്തറ - പാങ്ങോട് കുടിവെള്ള പദ്ധതി.

16. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ മണ്ണിൽക്കുളം കുടിവെള്ള പദ്ധതി.

17. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - മാത്തൂർ പഞ്ചായത്തിലെ പുള്ളിനെല്ലി അഗ്രഹാരം കുടിവെള്ള പദ്ധതി.

18. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കാവശ്ശേരി പഞ്ചായത്തിലെ കമ്പാശുത്തറ - വക്കീൽപ്പടി കുടിവെള്ള പദ്ധതി.

തൃശൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly